## പ്രതീക്ഷയുടെയും പ്രത്യാശയുടെയും വലിയനോയമ്പുകാലം

വീണ്ടും നോയമ്പുകാലത്തിലൂടെ നാം ജീവിതക്രമം ആരംഭിച്ചുതുടങ്ങി. നോമ്പ്കാലം സ്വയജീവിതത്തിന്റെ വീണ്ടുവിചാരത്തിന്റെയും കടന്നുപോയ നാളുകളിലേക്ക് ഒരു തിരിഞ്ഞുനോട്ടത്തിന്റെയും കാലഘട്ടം ആയിമാറണം. നോമ്പുകാലം ദൈവവും വ്യക്തിയും (നാമും) തമ്മിലുള്ള ബന്ധത്തിന്റെ കാര്യം മാത്രമല്ല, നമ്മുടെ സ്നേഹവും കടമയും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിന് പ്രാപ്തി നല്കുന്ന ഒരു അവസരം കൂടിയാണ്.

അനുഭവങ്ങളുടെ തീച്ചൂളയിൽ ആഘോഷിക്കപ്പെടുന്ന കാലം ആയി ഈ നോമ്പ് കാലം നമുക്കു മാറിക്കൊണ്ടിരിക്കുന്നു. ലോക ജനത മഹാവ്യാധിയുടെ മധ്യ വിറങ്ങലിച്ചു നിൽക്കുന്ന അനുഭവത്തിൽ ക്രിസ്തുവാണ് ഏക പ്രത്യാശയും പ്രതീക്ഷയും എന്ന് നാം തിരിച്ചറിഞ്ഞുകഴിഞ്ഞു.

‘‘എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിയെ പുതുക്കും; അവർ കഴുകൻമാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും, ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.‘‘ (യെശയ്യാ 40:31) പിന്നിട്ട വർഷം നോമ്പുകാലം ഒരിക്കൽ എങ്കിലും ആരാധന ആലയത്തിൽ മുഴങ്കാൽ മടക്കുവാൻ ആഗ്രഹിച്ചിരുന്നെങ്കിലും അത് നമുക്കു സാധിച്ചിരുന്നില്ല എന്നാൽ ഇപ്പോൾ തമ്പുരാൻ നമ്മുടെ മുമ്പിൽ അതിനുള്ള വാതിലുകൾ തുറന്നു തന്നിരിക്കുന്നു. അനുഭവിച്ചു രുചിച്ചു അറിയുവാനുള്ള അവസരം. നിരന്തരമായ പ്രാർത്ഥനയോടെ നമുക്കു അതിനു ഒരുങ്ങാം.

2021 ലെ പുതിയ വർഷം നാം ഇടവകയായി ഒരുമിച്ചു യാത്ര തുടരുന്നു. അനിശ്ചിതത്വങ്ങളുടെ മധ്യത്തിൽ ഇടവകയായി നിലനിൽക്കുവാൻ സാധിച്ചു എന്നതാണ് ഏറ്റവും വലിയനേട്ടം. ഇടവകയുടെ പ്രവർത്തനത്തിന് ഇടവക അംഗങ്ങളുടെ പങ്കാളിത്തം വളരെയധികം സന്തോഷം നൽകുന്ന അനുഭവം ആയിരുന്നു. ഈ പ്രതിസന്ധികളുടെ കാലത്തും ഒരുമിച്ചു ദൈവകൃപയോടെ നാം യാത്ര തുടരുന്നു.

ഇടവകയുടെ പ്രധാന വരുമാനമാർഗ്ഗങ്ങൾ എല്ലാം നാം കൊടുക്കേണ്ട ഒരു നാളുകൾക്കൂടിയാണല്ലോ ഈ മാസം എല്ലാവരുടെയും സഹകരണം ഉണ്ടാക്കണമേ.

ഇടവകയുടെ പൊതുയോഗം 2021 ഫെബ്രുവരി മാസം നടത്തി വാർഷിക റിപ്പോർട്ടും കണക്കും, പാസാക്കി പിന്നിൽ പ്രവർത്തിച്ച ചുമതലക്കാരെ അഭിനന്ദിക്കുന്നു.

പ്രാർത്ഥനയോടെ ഈസ്റ്ററിലേക് നമുക്കു ഒരുങ്ങാം. ജീർണതയിൽ നിന്നുമുള്ള ഒരു പുനരുദ്ധാരണം ആണ് ക്രിസ്തീയ ജീവിതം. ഉയർപ്പിന്റെ സന്ദേശവും മറ്റൊന്നുമല്ല. കാറ്റും കോളും ചിലപ്പോൾ ആഞ്ഞടിച്ചേകാം എന്നാൽ അവിടെ ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു അമരത്തുണ്ടെങ്കിൽ എല്ലാ പ്രതിസന്ധികളെയും അതിജീവിക്കുവാൻ കഴിയും, പരാജയത്തിന്റെയും നിരാശയുടെയും ഗർത്തങ്ങളിൽ നിന്നും വിജയത്തിന്റെയും പ്രത്യാശയുടെയും പ്രതീക്ഷഗോപുരങ്ങൾ നമുക്കു ഒരുമിച്ചു പണിയാം.

പീഡാനുഭവ ദർശനവും ഉയിർപ്പിന്റെ ശക്തിയും സമന്വയിക്കുന്ന ***ഈസ്റ്റർ ആശംസകൾ*** ഏവർക്കും നേരുന്നു.

കൈസ്ഥാനസമിതിക്കുവേണ്ടി
സറ്റാൻലി വി. സണ്ണി
ഇടവക സെക്രട്ടറി.

## *Easter Services*

| Date | Day | Time | Veneue | Service |
|---|---|---|---|---|
| 28/03/2021 | Sunday | 8:00 Pm | St Thomas Church | Palm Sunday- Holy Communion |
| 29/03/2021 | Monday | 8:00 Pm | St Thomas Church | Sandhya Namaskaram |
| 30/03/2021 | Tuesday | 8:00 Pm | St Thomas Church | Sandhya Namaskaram |
| 31/03/2021 | Wednesday | 8:00 Pm | Mar Thoma Chapel | Sandhya Namaskaram |
| 01/04/2021 | Thursday | 8:00 Pm | St Thomas Church | Maundy Thursday Holy Communion |
| 02/04/2021 | Friday | 6:00 Am | St Thomas Church | Good Friday Service |
| 03/04/2021 | Saturday | 10:45 Pm | St Thomas Church | Easter Holy Communion |

(For MTCIO members only)

# MAR THOMA CHURCH IN OMAN

LIGHTED TO LIGHTEN

## PASSION WEEK WORSHIP ARRANGEMENTS




*Lent - A Journey with Christ*

WHISING YOU A
HAPPY
EASTER
APRIL 4TH 2021

P.O. Box 2183, Ruwi, P.C. 112, Muscat, Sultanate of Oman
Tel. : 24702437, GSM : 99437492 / 92945632
Website: www.marthomachurchoman.org

# MAR THOMA CHURCH OMAN

## Arrangements For Lent season (Sandhya Namaskaram) - 10th March - April 4th

| Lent Day | Date | Day | Arrangments by | 1st lesson | 2nd lesson | Theme |
|---|---|---|---|---|---|---|
| Lent Day 25 | 10/03/2021 | wed | Senior Citizen | 1 Hosea 6;1-11 | 2 James 4;1-10 | |
| Lent Day 26 | 11/03/2021 | Thu | Edavaka Mission | Jonah 3;1-10 | 1 Peter 1;13-25 | |
| Lent Day 27 | 12/03/2021 | Fri | Pallibhagam | Hosea 14;1-9 | 2Cor 5;11-21 | A Call to confession and repentance |
| Lent Day 28 | 13/03/2021 | Sat | Shatti Qurum(MSQ) | Psalm; 51 | Luke 3;1-9 | |
| Lent Day 29 | 14/03/2021 | Sun | Darsait | Micah 7;1-20 | Hebrew 9;11-28 | |
| Lent Day 30 | 15/03/2021 | Mon | Sev .Sangham | Zephaniah 3;1-20 | Hebrew 10;1-8 | |
| Lent Day 31 | 16/03/2021 | Tue | Wadi Kabir Bethel | Jeremiah 31;31-37 | Titus 2;11-15 | |
| Lent Day 32 | 17/03/2021 | Wed | Hamariya Immanuel | Lam 3;1-24 | Titus 3;1-11 | The Way of True Repentance |
| Lent Day 33 | 18/03/2021 | Thu | Wadi Kabir Zion | Isaiah 55 ;1-13 | 1 John 5;1-12 | |
| Lent Day 34 | 19/03/2021 | Fri | Yuvajana Sakhyam | Isaiah 25 ;1-12 | Ephe 5 ;1-20 | |
| Lent Day 35 | 20/03/2021 | Sat | Church Choir | Psalm; 36 | Mark 2:1-12 | |
| Lent Day 36 | 21/03/2021 | Sun | Hamariya Carmel | Exodus 6;1-8 | Romans 10;1-13 | |
| Lent Day 37 | 22/03/2021 | Mon | Ruwi-Walja | Exodus 15;1-21 | Romans 5;1-11 | |
| Lent Day 38 | 23/03/2021 | Tue | Mumtaz Area | Isaiah 12;1-6 | Romans 5;12-21 | God's Forgivenes and Mercy |
| Lent Day 39 | 24/03/2021 | Wed | Wadi Kabir Ebenezer | Isaiah 63;1-19 | Romans 8 ;1-17 | |
| Lent Day 40 | 25/03/2021 | Thu | Muscat-Matrah | Isaiah 48;1-22 | Galatians 5;16-26 | |
| Lent Day 41 | 26/03/2021 | Fri | Sunday School Teenage | Isaiah 50;1-11 | Ephesians 2 ;1-10 | |
| Lent Day 42 | 27/03/2021 | Sat | English Service | Psalm; 27 | John 3;1-21 | Redemption and New life in Christ |

**Notes:**

1. All members who are assigned in above responsibilities are requested to reach Chapel or Church at least 10 minutes before the service to make necessary arrangements
2. Area/Organisation representatives are requestedto make arrangements for assisting on the respective date in co-ordination with Vicar.
3. Further details please contact Rev Mathew K: 99437492 / Mr Stanley V Sunny: 94101279 / Mrs Elsy Mathew: 92345820 Mrs Anie Alex: 96962889

ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

കർത്താവിൽ പ്രിയരെ,

ക്രിസ്തുവിലൂടെ നിറവേറ്റപ്പെട്ട ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെയും, അതിന്റെ വലിയ ഓർമ്മയുടെയും ആഘോഷദിനങ്ങളാണ് വലിയനോമ്പു ദിനങ്ങൾ. ഉൽപത്തിപുസ്തകം മുതൽ വെളിപ്പാട് വരെയുള്ള 66 പുസ്തകത്തിൽ വെളിപ്പെടുക്കപ്പെട്ട കഷ്ടാനുഭവത്തെ സഭ നന്ദിയോടെ ഓർത്ത് സാഷ്ടാംഗം പ്രണാമം ചെയ്യുന്ന കാലം കൂടിയാണ് നോമ്പുകാലം. പാപം നിറഞ്ഞ ലോകത്തിൽ, രക്ഷയുടെ പെട്ടകം, നോഹയിലൂടെയും അബ്രഹാമിലൂടെയും പ്രവാചകന്മാരിലൂടെയും രാജാക്കന്മാരിലൂടെയും ദൈവം നൽകിയെങ്കിലും രക്ഷാ ചരിത്രത്തിന്റെ പൂർണ്ണത ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ച് ക്രൂശിൽ യാഗമാക്കിയപ്പോളാണ് അതിന്റെ പൂർണ്ണതയിൽ അത്യുച്ചകോടിയിൽ നാം അനുഭവിച്ചത്. അതിനാൽ ക്രിസ്തു ഓർമ്മിപ്പിക്കുന്നു "സകലവും നിവർത്തിയായി" (യോഹ. 19:30). നിവർത്തിയായി എന്ന ക്രിസ്തുവിന്റെ മൊഴി ആത്മസാക്ഷാത്കാരത്തിന്റെ വീമ്പെളക്കലോ, പരിവേദനങ്ങളുടെ നീറ്റലുകളോ അല്ല. കർത്താവിന്റെ ക്രൂശ് മരണം സ്വയം ഏറ്റെടുത്ത ദൈവനീതിയുടെ നിറവേറപ്പെടലുകളും, കഷ്ടാനുഭവങ്ങളുടെ നിവൃത്തിയുമാണ്. ക്രിസ്തുവിന്റെ ജൈത്രയാത്ര ക്രൂശിൽ പൂർത്തിയാക്കിയപ്പോൾ നമ്മിൽ ഉയർപ്പിന്റെ സാന്നിദ്ധ്യമാകാൻ ക്രൂശ് ക്രിസ്തുവിനെയുംകൊണ്ട് ഇന്നും അനുയാത്രയിലാണ്. ക്രൂശിന്റെ അനുയാത്രയിൽ നാം സഹയാത്രികരോ...

നോമ്പ് അൻപിന്റെ കാലത്തോടൊപ്പം, ദൈവത്തിന്റെ നൊമ്പരങ്ങൾ പങ്കുവെക്കുന്ന കാലം കൂടിയാണ്. ഉപവാസത്തൊടൊപ്പം ദൈവത്തോടു ചേർന്ന് വസിക്കുന്ന കാലം. നമുക്ക് പ്രിയപ്പെട്ടത് ചിലത് ഉപേക്ഷിച്ച് ദൈവീകമായതിനെ ആർജ്ജിക്കുതിന് ഇടയായി തീരുന്ന കാലം കൂടിയാണ് നോമ്പുകാലം. ഒരു പകർച്ചവ്യാധിയുടെ മധ്യത്തിലുള്ള രണ്ടാം വർഷത്തെ പീഡാനുഭവാരത്തിലേക്കും ഉയിർപ്പ് പെരുന്നാളിലെക്കും നാം പ്രവേശിക്കാൻ ഒരുങ്ങുന്നു. ന്യൂ നോർമൽ ഇത്ര അധികം കാഠിന്യമായിരിക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നില്ല. ഏവിടെയും ആശങ്കയും പ്രതിസന്ധിയും നിലനിൽക്കുന്നു. ജോലിയിടങ്ങളിൽ പ്രതികൂലങ്ങളും ഉപജീവന മാർഗ്ഗവും നഷ്ടപ്പെടുന്നവർ ധാരാളം. നോമ്പിന്റെയും പെസഹായുടെയും പീഡാനുഭവത്തിന്റെയും കനൽവഴികളുലൂടെ നടന്നവർക്ക് വിമോചനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും രക്ഷയുടെ പ്രത്യാശദീപം ഉയർത്തെഴുന്നേറ്റ കർത്താവു നൽകി. റോമാസാമ്രാജ്യത്തിന്റെ മുദ്രപൊട്ടിച്ച് കാവൽക്കാരുടെ സുരക്ഷാവലയം തകർത്ത് ഇരുട്ടിന്റെ കനൽ മാറ്റി ഇന്നിന്റെ എല്ലാ അനിശ്ചിതത്വങ്ങളുടേയും ഭയത്തിന്റെയും കല്ലറപൊട്ടിച്ച് ഉയർപ്പിന്റെ സമാധാവനും സന്തോഷവും സൗഖ്യവും ഏവിടെയും പുലരുവാൻ ഈ വർഷത്തെ ഈസ്റ്റർ മുഖാന്തരമാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനയോടെ

**കെ. മാത്യു അച്ചൻ**

വികാരി.